# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 3043.

3..4..2013-ൽ മറുപടിക്ക്

### പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാര പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ: | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്ന ഏതെല്ലാം കമ്പനികളുടെ പാലും പാലുൽപ്പന്നങ്ങളുമാണ് വിൽപ്പന നടത്തുന്നത് ; | (എ) നാഞ്ചിൻ, ഹെറിറ്റേജ്, കെവിൻസ്, ജേഷ്ഠ, അമൃതം, ശക്തി. അരോമ, ജീവ, മധുരിമ, അക്ഷയ, നിൽഗിരി, ഗോമാതാ, മലബാർ, പശുതോ, ന്യൂട്രഹെരിറ്റേജ്, ശ്രീകൃഷ്ണ, നന്ദിനി, 7 എ.എം. എന്നീ പേരുകളിലുള്ള പാലും, നമ്പീശൻസ് നെയ്യ്, അമൂൽ, ആർ.കെ.ജി. എന്നീ പേരിലുള്ള നെയ്യും ആണ് അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിച്ച് സംസ്ഥാനത്ത് വില്പന നടത്തുന്നതായി കണ്ടു വരുന്നത്. |
| (ബി) പ്രസ്തുത ഉൽപ്പന്നങ്ങളുടെ ഗുണനിലവാരപരിശോധന ചെക്ക് പോസ്റ്റുകളിൽ നടത്തുന്നതിന് സംവിധാനമുണ്ടോ ; | (ബി) നിലവിൽ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് സ്ഥിരം സംവിധാനങ്ങൾ ഇല്ല. എന്നാൽ പരാതികൾ ലഭിക്കുമ്പോഴും, ഓണം, ക്രിസ്തുമസ് ഉൾപ്പെടെയുള്ള ആഘോഷ ഉത്സവ ദിനങ്ങളിലും ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നിയന്ത്രണത്തിൽ ചെക്ക് പോസ്റ്റുകളിൽ താല്ക്കാലിക സംവിധാനം ഏർപ്പെടുത്തി വരുന്നു. |
| (സി) പ്രസ്തുത ഉൽപ്പന്നങ്ങളുടെ പരിശോധന കർശനമാക്കി ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിന്റെ സാമ്പിളുകൾ ഉൾപ്പെടെ മാർക്കറ്റിൽ ലഭ്യമാകുന്ന പാൽ സാമ്പിളുകൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ ശേഖരിച്ച് ഫുഡ് സേഫ്റ്റി കമ്മിഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന അനലിറ്റിക്കൽ ലാബിൽ പരിശോധിക്കാറുണ്ട്. പാലിന്റെ ഉപഭോഗം കൂടുന്ന ഓണം പോലുള്ള ഉത്സവ കാലത്ത് ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് സ്പെഷ്യൽ |

സ്ക്വാഡുകളുടെ നേതൃത്വത്തിൽ അന്യ സംസ്ഥാനത്തു നിന്നു വരുന്ന പാൽ പരിശോധനയ്ക്കായി എടുക്കാറുണ്ട്. പരിശോധന കൂടുതൽ കർശനമാക്കുന്നതിനായി പാലിന്റെ സാമ്പിളുകൾ പരിശോധിക്കുന്നതിനു മാത്രമായി സംസ്ഥാനമൊട്ടാകെ പ്രത്യേക സ്ക്വാഡുകളെ ഏർപ്പെടുത്താറുണ്ട്.

വകുപ്പിന് അന്യസംസ്ഥാനത്തു നിന്നും വരുന്ന പാലിന്റെയും പാൽ ഉല്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുവാൻ നിയമം (FSSA – 2006) അനുവദിക്കുന്നില്ല.

(ഡി) സംസ്ഥാനത്ത് വിൽക്കപ്പെടുന്നതും, ഗുണനിലവാരം പുലർത്തുന്നവയുമായിട്ടുള്ള പാലിന്റെയും, പാലുൽപ്പന്നങ്ങളുടെയും പട്ടിക ലഭ്യമാക്കുമോ ?

(ഡി) സംസ്ഥാനത്ത് ലഭ്യമായതിൽ മിൽമ ബ്രാന്റിൽ വില്ക്കപ്പെടുന്ന പാൽ ഗുണനിലവാരം പുലർത്തുന്നുണ്ട്. സ്വകാര്യ ബ്രാന്റിൽ വില്ക്കപ്പെടുന്ന പാലിന്റെയും പാലുല്പന്നങ്ങളുടെയും പട്ടിക ലഭ്യമല്ല.

സെക്ഷൻ ഓഫീസർ.